

31/01/2025

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** Suresh A R **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/01/2025

1. കൃഷി വകുപ്പിൻ്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് "ഞങ്ങളും കൃഷിയിലേക്ക്" എന്ന ജനകീയ പദ്ധതിയുടെ രണ്ടാംഘട്ടമായി കൃഷിക്കൂട്ടങ്ങളെ ശാക്തീകരിച്ചു കൊണ്ട് കർഷക ഉല്പാദക സംഘങ്ങളുടെ നേതൃത്വത്തിൽ സമഗ്ര കാർഷിക വികസനവും ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതിയാണ് കൃഷിസമൃദ്ധി. വിവിധ കാർഷിക പാരിസ്ഥിതിക മേഖലകൾക്കും യൂണിറ്റുകൾക്കും ഊന്നൽ കൊടുത്തുകൊണ്ട് കൃഷി വകുപ്പിൻ്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും വിഭവ സംയോജനത്തിലൂടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ സമഗ്ര കർമ്മ പദ്ധതി പങ്കാളിത്ത രീതിയിൽ നടപ്പിലാക്കുന്നത്. ഞങ്ങളും കൃഷിയിലേക്ക് എന്നതിന്റെ തുടർച്ചയായി നടത്തുന്ന ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 01/02/2025 ശനിയാഴ്ച വൈകുന്നേരം 3.30 ന് തൃത്താല വി.കെ കടവ് ലുസൈൽ പാലസിനു സമീപം ബഹു: തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.എം.ബി രാജേഷ് അവർകളുടെ അധ്യക്ഷതയിൽ ബഹു: കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി ശ്രീ.പി. പ്രസാദ് അവർകൾ നിർവഹിക്കുന്നു. ജില്ലയിലെ എം.പി മാർ, എം.എൽ.എ മാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നു.

2. മലപ്പുറം ബ്ലോക്ക് പഞ്ചായത്തും കാർഷിക വികസന- കർഷക ക്ഷേമ വകുപ്പും സംയുക്തമായി 'ഹരിതം 2025' എന്ന പേരിൽ നടത്തുന്ന കിസാൻ മേള ജനുവരി 30 ന് വൈകീട്ട് 4 ന് എം എസ് പി കമ്മ്യൂണിറ്റി ഹാളിൽ പി ഉബൈദുള്ള എം എൽ എ ഉദ്ഘാടനം ചെയ്തു. ഫെബ്രുവരി ഒന്നു വരെ മൂന്നു ദിവസങ്ങളിലായാണ് കിസാൻ മേള നടക്കുന്നത്. കാർഷിക പ്രദർശനം, കാർഷിക സെമിനാറുകൾ, കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള എസ് എം എ എം ക്യാമ്പ്, കാർഷിക യന്ത്രങ്ങളുടെ സർവീസ് ക്യാമ്പ്, വിള ആരോഗ്യ ക്ലിനിക്, മണ്ണ്

പരിശോധനാ ലാബ്, കലാസന്ധ്യ, ഫുഡ് ഫെസ്റ്റ് തുടങ്ങിയ വിപുലങ്ങളായ പരിപാടികളാണ് കിസാൻ മേളയോടനുബന്ധിച്ച് ഒരുക്കിയിട്ടുള്ളത്. ഉദ്ഘാടന ചടങ്ങിൽ ജില്ലാ കലക്ടർ വി ആർ വിനോദ് മുഖ്യാതിഥിയായി. പ്രിൻസിപ്പൽ കൃഷി ഓഫീസർ ടി പി അബ്ദുൽ മജീദ് മുഖ്യപ്രഭാഷണം നടത്തി. കൃഷിവകുപ്പിലെ വിവിധ ഉദ്യോഗസ്ഥർ, പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ സംബന്ധിക്കും.

3. പ്രധാനമന്ത്രി മത്സ്യസമ്പദാ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരുജല കൂട് കൃഷി യൂണിറ്റുകൾ, സ്റ്റോറേജ് ഫെസിലിറ്റിയോട് കൂടിയ ഫിഷ് ഓട്ടോ കിയോസ്ക്, പോർട്ടബിൾ സോളാർ ഡ്രയർ, സീ സോഫ്റ്റി കിറ്റ് എന്നിവയ്ക്കായി ഇരവിപുരം സൗത്ത് മത്സ്യഗ്രാമത്തിലെ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി എട്ട് വൈകിട്ട് അഞ്ചിനകം ഇരവിപുരം/ മയ്യനാട് മത്സ്യഭവനിലോ, ജില്ലാ ഓഫീസിലോ നൽകണം ഫോൺ നമ്പർ 0474 2792850.

4. ചാലിയം മാതൃക മത്സ്യഗ്രാമം പദ്ധതിയുടെ ഘടക പദ്ധതിയായ 'ഷിപ്പിംഗ് കണ്ടെയ്നറുകൾ ഉപയോഗിച്ച് ഫിഷ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കിയോസ്ക്' സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി മത്സ്യവിൽപ്പന കിയോസ്ക്ക്, ഓൺലൈൻ മത്സ്യവിപണനത്തിന് ഇ-സ്കൂട്ടർ എന്നീ സംരംഭങ്ങൾക്കായി താൽപ്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ചാലിയം മത്സ്യഗ്രാമത്തിൽ സ്ഥിരതാമസക്കാരായ വ്യക്തികൾ/സ്വയംസഹായ ഗ്രൂപ്പുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾക്ക് അപേക്ഷിക്കാം. അപേക്ഷകർ 18 നും 60 ഇടയിൽ പ്രായമുള്ളവരായിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഒരു കണ്ടെയ്നറും (9 ലക്ഷം രൂപ) ഒരു ഇലക്ട്രിക് സ്കൂട്ടറും (1.5 ലക്ഷം രൂപ) ഉൾപ്പെടെ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകും. അപേക്ഷകൾ ബേപ്പൂർ മത്സ്യഭവൻ ഓഫീസിൽ ഫെബ്രുവരി മൂന്ന് വരെ സ്വീകരിക്കും. ഫോൺ: 0495-2383780.

5. ഹോർട്ടികോർപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി പഴം, പച്ചക്കറി, മറ്റ മൂല്യവർധിത ഉത്പന്നങ്ങളുടെ വിപണനത്തിനായി ജില്ലയിൽ 15 ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി പത്തിനകം അപേക്ഷിക്കണം. വിശദ വിവരത്തിന് ഫോൺ: 9495781246,9447686555,9847957351.

6. റബ്ബർബോർഡിന്റെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഗ്രാജുവേറ്റ് ട്രെയിനിയെയും ഫാക്കൽറ്റി ട്രെയിനിയെയും താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അഭിമുഖം (വാക്ക് ഇൻ ഇന്റർവ്യൂ) നടത്തുന്നു. 'ഗ്രാജുവേറ്റ് ട്രെയിനി' തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ കെമിസ്ട്രിയിൽ ബിരുദമോ പോളിമർ സയൻസ്/പോളിമർ ടെക്നോളജിയിൽ ഡിപ്ലോമയോ ഉള്ളവരായിരിക്കണം. 'ഫാക്കൽറ്റി ട്രെയിനി' എന്ന തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ പോളിമർ ടെക്നോളജിയിലോ റബ്ബർ ടെക്നോളജിയിലോ ബി.ടെക് / എം.ടെക് ബിരുദം ഉള്ളവരായിരിക്കണം. 2025 ജനുവരി 01 -ന് പ്രായം 30 വയസ്സ് കവിയരുത്. ബന്ധപ്പെട്ട മേഖലയിൽ ഒരു വർഷത്തെ പരിചയം ആവശ്യമാണ്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, ഡയറക്ടർ മുമ്പാകെ 2025 ഫെബ്രുവരി 05-ന് രാവിലെ 10 മണിക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ : 0481 2353326, 2353327

7. റബ്ബർബോർഡിന്റെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ഗ്രാജുവേറ്റ് ട്രെയിനിയെയും ഫാക്കൽറ്റി ട്രെയിനിയെയും താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അഭിമുഖം (വാക്ക് ഇൻ ഇന്റർവ്യൂ) ഫെബ്രുവരി 06-ന് നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

'ഗ്രാജുവേറ്റ് ട്രെയിനി' തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ കെമിസ്ട്രിയിൽ ബിരുദമോ പോളിമർ സയൻസ്/പോളിമർ ടെക്നോളജിയിൽ ഡിപ്ലോമയോ ഉള്ളവരായിരിക്കണം. 'ഫാക്കൽറ്റി ട്രെയിനി' എന്ന തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ പോളിമർ ടെക്നോളജിയിലോ റബ്ബർ ടെക്നോളജിയിലോ ബി.ടെക്/എം.ടെക് ബിരുദം ഉള്ളവരായിരിക്കണം. 2025 ജനുവരി 01-ന് പ്രായം 30 വയസ്സ് കവിയരുത്. ബന്ധപ്പെട്ട മേഖലയിൽ ഒരു വർഷത്തെ പരിചയം ആവശ്യമാണ്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്, ഡയറക്ടർ മുമ്പാകെ 2025 ഫെബ്രുവരി 06-ന് രാവിലെ 10 മണിക്ക് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക. ഫോൺ : 0481 2353326, 2353327.

**പരിശീലന പരിപാടി**

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പ്രത്യേക പരിശീലനം 2025 ഫെബ്രുവരി 03 മുതൽ 07 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **9495928077** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**